(ഡി) മുൻകാലങ്ങളിൽ അനുവദിച്ചിട്ടുള്ളതിൽ ചെലവഴിക്കാത്ത തുക നടപ്പു സാമ്പത്തികവർഷം ജൂലൈ മാസം 9-ാം തീയതി വരെ ചെലവഴിക്കാൻ അനുവാദം നൽകുകയുണ്ടായി. എന്നിട്ടും ചെലവഴിക്കാത്ത തുക കേരളാ ഫിനാൻഷ്യൽ കോഡ് അനുസരിച്ച് കൺസോളിഡേറേറഡ് ഫണ്ടിൽ ലാപ്സായി. എന്നാൽ മുൻവർഷങ്ങളിലെ പ്രോജക്ടുകൾ പൂർത്തിയാക്കുന്നതിനായി ഈ വർഷത്തെ പദ്ധതി വിഹിതം കൂടാതെ 335 കോടി രൂപ അഡീഷണലായി നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ എസ്.സി. പി. ഫണ്ട് വേണ്ടുന്നതെത്രയെന്ന് കണക്കുകൂട്ടി അതുംകൂടി നൽകുന്നതിന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

(ഇ) 2003-04 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതമായി 1317 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ തുക മാസഗഡുക്കളായിട്ടാണ് നൽകുന്നത്. 2003 ജൂലൈ 31 വരെയുള്ള 4 മാസത്തെ പദ്ധതിവിഹിതമായ 439 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

പത്താം പഞ്ചവത്സര പദ്ധതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാറ്റിവച്ചിട്ടുള്ള തുക

94 [5239] ശ്രീ. ബിനോയ് വിശ്വം:

,, എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താം പഞ്ചവത്സര പദ്ധതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് എത്ര തുക മാറ്റിവച്ചിട്ടുണ്ട്;

(ബി) ഇതിൽ ഈ വർഷം അനുവദിച്ച തുക എത്ര; ഈ തുകയിൽ നിന്നും എത്ര ഗഡുക്കൾ അനുവദിച്ചു;

(സി) പദ്ധതി വിഹിതം തിരിച്ചെടുക്കുവാനുള്ള തീരുമാനത്തിന്റെ വെളിച്ചത്തിൽ ഇതുവരെ എത്രതുക തിരികെ ലഭിച്ചെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) പത്താം പഞ്ചവത്സര പദ്ധതിയിൽ (2002-2007) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി 8000 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

(ബി) ഈ വർഷത്തെ ബഡ്ജറ്റിൽ 1317 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ തുക 12 തുല്യമാസ ഗഡുക്കളായിട്ടാണ് വിതരണം ചെയ്യുവാൻ തീരുമാനിച്ചിട്ടുള്ളത്. ഇതിൽ ഏപ്രിൽ മുതൽ ജൂലൈ വരെയുള്ള പദ്ധതി വിഹിതം ഒറ്റ ഗഡുവായി വിതരണം ചെയ്തിട്ടുണ്ട്. അഡീഷണലായി 335 കോടി രൂപ കൂടി കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) പദ്ധതി വിഹിതം തിരിച്ചെടുക്കാൻ തീരുമാനിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly